## 162

യേശുവിൻ നാമം എൻ യേശുവിൻ നാമം
എൻ ജീവിതത്തിലേകയാശ്രയമേ
ഞാനെന്നും സ്തുതിക്കും ഞാനെന്നും വാഴ്ത്തും
യേശുവിൻ നാമം എനിക്കെത്രയാനന്ദം

1 പാപിയായിരുന്നെന്നെ രക്ഷിപ്പാനായ്
യേശു ക്രൂശിലേറി തന്റെ ജീവനർപ്പിച്ചു
യേശു എത്ര നല്ലവൻ യേശു എത്ര വല്ലഭൻ
പതിനായിരത്തിലതിശ്രേഷ്ഠനവൻ-

2 നല്ലിടയനായ യേശുനാഥൻ നിരന്തരമായെന്നെ വഴിനടത്തും
അവനെന്നെ ശാസിക്കും അവനെന്നെ രക്ഷിക്കും തൻ
കൊടിക്കീഴിലെന്ന നിത്യം നടത്തുമവൻ

3 സമാധാനമില്ലാതെ ഞാൻ വലഞ്ഞു
യേശു സമാധാനമായെന്റെ അരികിൽ വന്നു
അവനെന്നെ അണച്ചു അവനെന്നെ താങ്ങി-തൻ
ഭുജബലത്താലെന്നെ നടത്തുമവൻ-